പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3077 — 10/03/2017 ൽ മറുപടിയ്ക്ക്

## സർവ്വെ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എം. ആരിഫ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ താലൂക്ക് കാര്യലയങ്ങളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന സർവ്വെ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | താലൂക്ക് തലത്തിൽ അഡീഷണൽ തഹസീൽദാരുടെ കീഴിലുള്ള സർവ്വേ വിഭാഗത്തിന്റെ പ്രവർത്തനം എല്ലാ മാസവും ഡെപ്യൂട്ടി ഡയറക്ടർ (സർവ്വേ) വിലയിരുത്തുന്നുണ്ട്. കൂടാതെ വകുപ്പിൽ നിന്നും വീഡിയോ കോൺഫറൻസ് മുഖേനയും നേരിട്ടും യോഗം നടത്തി പ്രവർത്തന പുരോഗതിയ്ക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. |
| (ബി) സ്വകാര്യ വസ്തുക്കളിലുള്ള തർക്കം പരിഹരിക്കുന്നതിനും സ്ഥലവും വസ്തുവകകളും സംരക്ഷിക്കുന്നതിനും വസ്തുവിന്റെ അതിർത്തി നിർണ്ണയിച്ച് നൽകുന്നതിനുമായി നൽകുന്ന അപേക്ഷയിൽ അകാരണമായ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (ബി) | അപേക്ഷ വിവിധ തലങ്ങളിൽ പരിശോധിക്കേണ്ടതിനാലും ഫീൽഡ് പരിശോധന ആവശ്യമായതിനാലും വ്യക്തമായ അതിർത്തി ഇല്ലാത്തതും തർക്കങ്ങൾ ഉണ്ടാകുന്നതുമൂലവും അന്തിമ തീർപ്പിന് കാലതാമസം വരുന്നുണ്ട്, കൂടാതെ അപേക്ഷകളുടെ ബാഹുല്യവും കാലതാമസത്തിന് കാരണമായിട്ടുണ്ട്. |
| (സി) അമ്പലപ്പുഴ താലൂക്കിൽ അതിർത്തി നിർണ്ണയത്തിനായി നൽകിയ N4-21985/15 എന്ന ഫയൽ നമ്പരിലെ അപേക്ഷയിന്മേൽ നാളിതുവരെയായി പരിഹാര നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി)<br>(ഡി)<br>&<br>(ഇ) | ശ്രീമതി. എൻ.കെ. ശാരദ, കാണ്ടാപ്പള്ളിൽ, പറവൂർ എന്നയാൾ റീസർവ്വേ സ്കെച്ചിൽ ടിയാളുടെ വസ്തുവിന്റെ സ്ഥാനം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് മാറ്റി ശരിയായി രേഖപ്പെടുത്തുന്നതിനു വേണ്ടിയാണ് അമ്പലപ്പുഴ അഡീഷണൽ തഹസീൽദാർ മുമ്പാകെ 09/11/2015 ൽ അപേക്ഷ നൽകിയിരുന്നത്. ടി അപേക്ഷയിന്മേൽ താലൂക്ക് സർവ്വേയർ ശ്രീ വി.എസ്. അജിത്കുമാർ, 30/12/2015 ൽ ഫീൽഡ് പരിശോധന |

| | |
|---|---|
| (ഡി) പ്രസ്തുത അപേക്ഷയുടെ സർവ്വേ ചുമതല ആർക്കായിരുന്നു നൽകിയിരുന്നത്; എന്തു-കൊണ്ടാണ് സർവ്വേ അകാരണ-മായി നീട്ടിക്കൊണ്ടുപോയതെന്ന് പരിശോധിച്ചിട്ടുണ്ടോ; അതുമൂലം അപേക്ഷകർക്കുണ്ടായിട്ടുള്ള വിവിധങ്ങളായ ബുദ്ധിമുട്ടുകൾക്കും നഷ്ടത്തിനും ആർക്കാണ് ഉത്തരവാദിത്വമെന്ന് അറിയിക്കുമോ;<br>(ഇ) പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | നടത്തിയിട്ടുണ്ട്. അതോടൊപ്പം അപേക്ഷയുടെ വസ്തുവിന്റെ കിഴക്കേ അതിരിലെ അതിർത്തി തർക്കം കൂടി പരിഹരിക്കുന്നതിന് ടി ശാരദയും ശ്രീമതി. പ്രീതാറാണി, കാണ്ടാപ്പള്ളിൽ എന്നയാളും അപേക്ഷ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ഇതുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കുന്നതിന് സർവ്വേ അതിരടയാള നിയമ പ്രകാരം സമീപ വസ്തു ഉടമകൾക്കെല്ലാം നോട്ടീസ് നിശ്ചിത ഫാറത്തിൽ 17/03/2017 ൽ ഫീൽഡ് നടപടിയ്ക്കായി നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ